ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:28.12.2024

## പ്രധാനവാർത്തകൾ

1) മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന് വിട നൽകി രാജ്യം; പൂർണ ഔദ്യോഗിക ബഹുമതികളോടെ ഭൗതിക ശരീരം ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ സംസ്ക്കരിച്ചു.
2) മൻമോഹൻ സിംഗിന് ആദരാഞ്ജലികൾ നേർന്ന് ലോക നേതാക്കൾ; അനുശോചനം രേഖപ്പെടുത്തി യു എസ് പ്രസിഡന്റ് ജോ ബൈഡനും ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസും.
3) പെരിയ ഇരട്ട കൊലപാതക കേസിൽ 14 പ്രതികൾ കുറ്റക്കാർ; കൊലക്കുറ്റം തെളിഞ്ഞെന്ന് കൊച്ചി സി ബി ഐ കോടതി.
4) ജനോപകാരപ്രദമായ പദ്ധതികളുടെ ഗുണഫലം ജനങ്ങളിലെത്തിക്കുന്നതിന്റെ മാതൃകയാണ് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
5) അഷ്ടമുടിക്കായലിന്റെ വിനോദസഞ്ചാര വികസനത്തിനായി 59.71 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര ടൂറിസം വകുപ്പ് അനുമതി നൽകിയതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

RNUTVPM

6) മെൽബൺ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച.

*************************************************************

## ഡോ.മൻമോഹൻ സിങ്ങിന് വിട

മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന് വിട നൽകി രാജ്യം. പൂർണ ഔദ്യോഗിക ബഹുമതികളോടെ ഭൗതിക ശരീരം ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ സംസ്ക്കരിച്ചു.

**വിശദാംശങ്ങളിലേക്ക്.............**

(വോയിസ്)

## ഡോ.മൻമോഹൻ സിങ്ങിന് വിട (വോയിസ്)

PNU TVPM

ന്യൂഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ നിന്ന് രാവിലെ എട്ട് മണിക്ക് കോൺഗ്രസ് ആസ്ഥാനത്ത് എത്തിച്ച ഡോ.മൻമോഹൻ സിംഗിൻറെ ഭൗതിക ശരീരത്തിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, കോൺഗ്രസിൻറെ മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി എന്നിവർ ആദരാഞ്ജലികൾ അർപ്പിച്ചു. പ്രിയ നേതാവിനെ അവസാനമായി കാണാൻ നേതാക്കളും പ്രവർത്തകരും പൊതുജനങ്ങളുമടങ്ങുന്ന വലിയ ജനാവലിയാണ് എ ഐ സി സി ആസ്ഥാനത്തേക്ക് എത്തിച്ചേർന്നത്. രാവിലെ 10 മണിയോടെ കോൺഗ്രസ് ആസ്ഥാനത്തു നിന്നും ഭൗതിക ശരീരം വഹിച്ചുള്ള വിലാപയാത്ര വൻ ജനസഞ്ചയത്തിന്റെ സാന്നിധ്യത്തിലാണ് നിഗംബോധ് ഘട്ടിൽ എത്തിച്ചേർന്നത്. സംസ്ക്കാരത്തോട് അനുബന്ധിച്ച് ഇന്ന് എല്ലാ കേന്ദ്ര സർക്കാർ, പൊതുമേഖലാ

സ്ഥാപനങ്ങൾക്കും പകുതി ദിവസത്തെ അവധി പ്രഖ്യാപിച്ചിരുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി.....

*************************************************************

## ലോക നേതാക്കൾ-അന്തിമോപചാരം

മുൻ പ്രധാനമന്ത്രി മൻമോഹൻ സിംഗിന് ആദരാഞ്ജലികൾ നേർന്ന് ലോക നേതാക്കൾ. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ മുന്നേറ്റത്തിൽ മൻമോഹൻ സിംഗ് നിർണായക പങ്കാണ് വഹിച്ചതെന്ന് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് അഭിപ്രായപ്പെട്ടു. 2004 മുതൽ 2014 വരെ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് ഇന്ത്യയുടെ സാമ്പത്തിക വളർച്ചക്കും വികസനത്തിനും നേതൃപരമായ മേൽനോട്ടം വഹിച്ചതായും അദ്ദേഹത്തിന്റെ ഭരണകാലത്ത് ഐക്യരാഷ്ട്ര സഭയുമായുള്ള ഇന്ത്യയുടെ ബന്ധം ഏറെ മുന്നേറിയതായും ഗുട്ടറസ് പറഞ്ഞു. യു എസ് പ്രസിഡൻറ് ജോ ബൈഡൻ, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ തുടങ്ങിയ നേതാക്കളും അനുശോചനം അറിയിച്ചു.

RJU TVM

*************************************************************

## മൻമോഹൻ സിംഗിന് സ്മാരകം

മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന് സ്മാരകം നിർമിക്കാൻ സ്ഥലം അനുവദിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അപേക്ഷ സർക്കാരിന് ലഭിച്ചിരുന്നു. കേന്ദ്ര മന്ത്രിസഭാ യോഗത്തിന് ശേഷം സർക്കാർ തീരുമാനം ആഭ്യന്തരമന്ത്രി അമിത് ഷാ ഖാർഗെയെയും ഡോ. മൻമോഹൻ സിംഗിന്റെ കുടുംബത്തെയും അറിയിച്ചു.

*********************************************************

## ഗവർണർ -യാത്രയയപ്പ്

ഗവർണർ ആരിഫ് മുഹമ്മദ് ഖാന് ഇന്ന് നൽകാനിരുന്ന യാത്രയയപ്പ് ചടങ്ങ് മാറ്റിവച്ചു. മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന്റെ മരണത്തെ തുടർന്ന് രാജ്യത്ത് ഓദ്യോഗിക ദുഃഖാചരണമായതു കൊണ്ടാണു യാത്രയയപ്പ് മാറ്റിയത്. രാജ്ഭവൻ ജീവനക്കാർ ഇന്ന് വൈകിട്ടാണ് ഗവർണർക്ക് യാത്രയയപ്പ് നൽകാൻ തീരുമാനിച്ചിരുന്നത്. പുതിയ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ പുതുവത്സര ദിനത്തിൽ കേരളത്തിലെത്തും. ജനുവരി രണ്ടിനാണ് അദ്ദേഹം ചുമതലയേൽക്കുക. ജനുവരി രണ്ടിന് ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണറായി ചുമതലയേൽക്കും.

RNU TVPM

*********************************************************

## പെരിയ കേസ്

കാസർഗോഡ് പെരിയ ഇരട്ട കൊലപാതക കേസിൽ 14 പ്രതികൾ കുറ്റക്കാരെന്ന് കൊച്ചി സി.ബി.ഐ കോടതി. ഒന്നുമുതൽ എട്ടുവരെയുള്ള പ്രതികൾക്കെതിരെ കൊലക്കുറ്റം തെളിഞ്ഞതായും മുൻ എം.എൽ.എ കെ.വി.കുഞ്ഞിരാമൻ കേസിൽ കുറ്റക്കാരനാണെന്നും കോടതി കണ്ടെത്തി. ശിക്ഷ ജനുവരി മൂന്നിന് വിധിക്കും. 2019 ഫെബ്രുവരി 17 നാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകരായിരുന്ന ശരത് ലാൽ, കൃപേഷ് എന്നിവർ കൊലപ്പെട്ടത്. കേസിൽ പത്തുപേരെ വെറുതെ വിട്ടു.

*********************************************************

## എയർ കേരള

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം തിങ്കളാഴ്ച ഒപ്പുവെക്കും. തിങ്കളാഴ്ച ഉച്ചയ്ക്ക് എയർപോർട്ടിൽ വച്ചാണ് ചടങ്ങ്. കേരള സർക്കാരിനും സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള. കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്.

*********************************************************

## പി.എം.-മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിന്റ 117-ാം പതിപ്പ് നാളെ. രാവിലെ 11 മണിക്ക് ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

RJUTVPM

*********************************************************

## സിയാൽ (ഇൻട്രോ)

ജനോപകാരപ്രദമായ പദ്ധതികൾ നടപ്പിലാക്കുന്നതിനൊപ്പം ജനങ്ങളിലേയ്ക്ക് അതിന്റെ ഗുണഫലം എത്തിക്കേണ്ടതെങ്ങനെ എന്നതിന് മാതൃകയാണ് സിയാലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സിയാലിൽ നടപ്പാക്കിവരുന്ന ആയിരം കോടി രൂപയുടെ പദ്ധതികൾ 2025-26 കാലയളവിൽ പൂർത്തിയാകുമെന്നും അദ്ദേഹം പറഞ്ഞു. കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം, സിയാലിന്റെ പുതിയ സംരംഭമായ 'താജ് കൊച്ചിൻ **ഇന്റർനാഷണൽ**

എയർപോർട്ട് പഞ്ചനക്ഷത്ര ഹോട്ടലിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മുഖ്യമന്ത്രി.

(ഹോൾഡ്)

ആഘോഷ പരിപാടികൾ ഒഴിവാക്കിയാണ് ചടങ്ങ് നടക്കുന്നത്. വിവിധ മേഖലകളിൽ നിന്നുള്ള 100 പേരെ മാത്രമാണ് ക്ഷണിച്ചിട്ടുള്ളത്.

*************************************************************

## സുരേഷ് ഗോപി

അഷ്ടമുടിക്കായലിൻറെയും അനുബന്ധപ്രദേശങ്ങളിലേയും വിനോദസഞ്ചാര വികസനത്തിനായി 59.71 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്ര ടൂറിസം വകുപ്പ് അനുമതി നൽകിയതായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി അറിയിച്ചു. ബയോഡൈവർസിറ്റി ആൻറ് എക്കോ-റിക്രിയേഷൻ ക്ലബിന് സംസ്ഥാനങ്ങളുടെ മുലധന നിക്ഷേപത്തിനുളള പ്രത്യേക ധനസഹായത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചതെന്ന് മന്ത്രി എൻ.കെ പ്രേമചന്ദ്രൻ എംപി യെ അറിയിച്ചു. ഇതിനുപുറമേ ജി.എസ്.ടി ക്കായി 9.11 കോടി രൂപയും അധികമായി വകയിരുത്തിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ചുമതല പൂർണ്ണമായും സംസ്ഥാന സർക്കാരിനാണ്.

*************************************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "**നല്ല വാർത്ത**" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

*********************************************************

## <u>ഇടുക്കി -അതിശൈത്യം (ഇൻട്രോ)</u>

മൂന്നാറിൽ അതിശൈത്യം. താപനില മൈനസിലെത്തി. ചെണ്ടുവര എസ്റ്റേറ്റിലെ ലോവർ ഡിവിഷനിലാണ് താപനില മൈനസ് ഡിഗ്രി സെൽഷ്യസിലെത്തിയത്.

വിശദാംശങ്ങളുമായി ആകാശവാണി **ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയിസ്)

*********************************************************

## <u>ക്രിക്കറ്റ്</u>

മെൽബണിൽ നടക്കുന്ന ബോർഡർ - ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയുടെ നാലാം മത്സരത്തിൽ ഓസ്ട്രേലിയക്കെതിരെ ഇന്ത്യക്ക് ബാറ്റിംഗ് തകർച്ച. മൂന്നാം ദിവസം 5 വിക്കറ്റിന് 164 റൺസ് എന്ന നിലയിൽ ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യയ്ക്ക് ഓസീസിനെതിരെ ഫോളോ ഓൺ ഒഴിവാക്കാനായെങ്കിലും ലക്ഷ്യം മറികടക്കാനായില്ല. ഇന്ന് കളി അവസാനിപ്പിക്കുമ്പോൾ ഇന്ത്യ, 9 വിക്കറ്റ് നഷ്ടത്തിൽ 358 റൺസ് എന്ന നിലയിലാണ്. സെഞ്ചുറി നേടിയ നിതീഷ് കുമാർ റെഡ്ഡിയുടെ ബാറ്റിംഗ് മികവാണ് ഇന്ത്യക്ക് ഭേദപ്പെട്ട സ്കോർ സമ്മാനിച്ചത്. ഓസ്ട്രേലിയയുടെ ആദ്യ ഇന്നിംഗ്സ് 474 ന് അവസാനിച്ചിരുന്നു.

RNU TVPM

*********************************************************

## <u>ഐഎസ്എൽ</u>

ഐഎസ്എല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ. വൈകുന്നേരം 5 മണിക്ക് നടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്.സി, ഈസ്റ്റ് ബംഗാൾ എഫ്.സിയെയും രാത്രി 7.30 ന് നടക്കുന്ന പോരാട്ടത്തിൽ ചെന്നൈയിൻ എഫ്.സി ബംഗളൂരു എഫ്.സി യേയും നേരിടും.

നാളെ നടക്കുന്ന മത്സരത്തിൽ കേരളാ ബ്ലാസ്റ്റേഴ്സും ജംഷഡ്പൂർ എഫ്സിയും തമ്മിൽ ഏറ്റുമുട്ടും.

************************************************************

## സന്തോഷ് ട്രോഫി

സന്തോഷ് ട്രോഫി ഫുട്ബോളിന്റെ സെമി ഫൈനൽ മത്സരങ്ങൾ നാളെ. ഉച്ചക്ക് രണ്ട് മണിക്ക് ബംഗാൾ സർവീസസിനെയും രാത്രി 7.30 ന് കേരളം മണിപ്പൂരിനെയും നേരിടും.

************************************************************

## ഫെൻസിംഗ് ചാമ്പ്യൻഷിപ്പ്

മുപ്പത്തി അഞ്ചാമത് ദേശീയ സീനിയർ ഫെൻസിംഗ് ചാമ്പ്യൻഷിപ്പ് ഈ മാസം 31 മുതൽ കണ്ണൂരിൽ നടക്കുമെന്ന് സംഘാടക സമിതി ചെയർമാൻ കെ.വി. സുമേഷ് കണ്ണൂരിൽ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ ജനവരി മൂന്ന് വരെ നടക്കുന്ന ചാമ്പ്യൻഷിപ്പിൽ കേന്ദ്ര ഭരണ പ്രദേശങ്ങളുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 700 ഓളം കായിക താരങ്ങൾ പങ്കെടുക്കും. 31 ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും.

RNU TVPM

************************************************************

## കോട്ടയം -അപകടം

തമിഴ്നാട്ടിൽ തേനി ഏർക്കാട് വാനും കാറും കൂട്ടിയിടിച്ച് മൂന്ന് കോട്ടയം സ്വദേശികൾ മരിച്ചു. വേളാംകണ്ണി പള്ളിയിൽ പോയി മടങ്ങിയ സംഘമാണ് അപകടത്തിൽ പെട്ടത്. കുറവിലങ്ങാട് സ്വദേശികളായ ജെയിൻ തോമസ്, സോണിമോൻ കെ.ജെ , ജോബീഷ് തോമസ് എന്നിവരാണ് മരിച്ചത്.

*********************************************************

## കൊല്ലം - അപകടം

കൊല്ലം ചാത്തിനാംകുളത്ത് കശുവണ്ടി ഫാക്ടറിയുടെ ചിമ്മിനി തകർന്നുവീണ് പ്ലസ് വൺ വിദ്യാർത്ഥി മരിച്ചു. അംബേദ്കർ നഗർ പുത്തൻകുളങ്ങരയിൽ അനന്തു ആണ് മരിച്ചത്. പൂട്ടിക്കിടന്ന സ്വകാര്യകശുവണ്ടി ഫാക്ടറിയുടെ ചിമ്മിനിക്കരികെ 5 കൂട്ടുകാർക്കൊപ്പം ഇരിക്കവേ ഇന്നലെ വൈകിട്ടായിരുന്നു അപകടം.

*********************************************************

## സ്കോളർഷിപ്പ്

വിമുക്തഭടന്മാരുടെ മക്കൾക്ക് കേന്ദ്രീയ സൈനിക ബോർഡ് നൽകുന്ന പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള തിയ്യതി നീട്ടി. www.online.ksb.gov.in എന്ന വെബ്സൈറ്റിൽ ജനുവരി 3വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

RNUTVPM

***************************************************************************************************

*********************************************************